നം.216825/ഇ2/2022/കെഎസ്എച്ച്ഒ 09/02/2023

# കുടുംബശ്രീ കരാർ നിയമനം

## വിജ്ഞാപനം - (Code :UIS-PMAY)

കുടുംബശ്രീ മിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന പ്രധാൻമന്ത്രി ആവാസ് യോജന -ലൈഫ് (പി.എം.എ.വൈ) പദ്ധതിയുടെ ഭാഗമായുള്ള **അർബൻ ഇൻഫ്രാസ്ട്രക്ചർ സ്പെഷ്യലിസ്റ്റ്** തസ്തികയിലുള്ള ഒഴിവുകളിലേയ്ക്ക് ചുവടെ ചേർക്കുന്ന യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിയമനം കരാർ വ്യവസ്ഥയിലായിരിക്കും.

1. **തസ്തിക** : അർബൻ ഇൻഫ്രാസ്ട്രക്ചർ സ്പെഷ്യലിസ്റ്റ്, പി.എം.എവൈ

2. **ഒഴിവ്** : 2 (CLTC Kochi and Kollam)
   (ഒഴിവുകളുടെ എണ്ണത്തിൽ മാറ്റമുണ്ടായേക്കാം)

3. **നിയമന രീതി** : കരാർ നിയമനം
   (കരാറിൽ ഏർപ്പെടുന്ന ദിവസം മുതൽ 31/03/2023 വരെ ആയിരിക്കും കരാർ കാലാവധി. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കരാർ പുതുക്കി നൽകുന്നത് പരിഗ ണിക്കുന്നതാണ്)

4. **വിദ്യാഭ്യാസ യോഗ്യത** : അംഗീകൃത സർവ്വകലാശാലയിൽ നിന്നും ആർക്കി ടെക്ചർ/ സിവിൽ എഞ്ചിനീയറിംഗിൽ ബിരുദം/ ബിരുദാനന്തര ബിരുദം.

5. **പ്രായപരിധി** : 31/01/2023 ന് 40 വയസ്സിൽ കൂടാൻ പാടില്ല

6. **പ്രവൃത്തിപരിചയം**
   1. Municipal Urban Infrastructure, Public Housing, Public Health Engineering പദ്ധതി / മേഖലകളിൽ 3 മുതൽ 5 വർഷം വരെ പ്രവർത്തിപരിചയം.
   2. നഗരസഭയുമായി ബന്ധപ്പെട്ട നിയമനങ്ങൾ, നടപടിക്രമങ്ങൾ എന്നിവയിൽ പരിജ്ഞാനം.

7. **വേതനം** : 40,000 രൂപ പ്രതിമാസം.

8. **ജോലിയുടെ സ്വഭാവം**
   1. പദ്ധതി നിർവ്വഹണത്തിൽ നഗരസഭയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുക

2. കുടുംബശ്രീ മിഷന്റെയും നഗരസഭാ സെക്രട്ടറിയുടെയും നിർദ്ദേശപ്രകാരമുള്ള പ്രവർത്തനങ്ങൾ
3. നിർമ്മാണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുക
4. കെട്ടിട നിർമ്മാണ പെർമിറ്റ് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക
5. രാജീവ് ആവാസ് യോജന പദ്ധതി, Affordable Housing in Partnership പദ്ധതി എന്നിവയുടെ നിർവ്വഹണത്തിനാവശ്യമായ പിന്തുണ നൽകുക
6. പദ്ധതിയുടെ Third Party Quality and Monitoring സംബന്ധിച്ച പ്രവർത്തനങ്ങളുടെ ഏകോപനം
7. പി.എം.എ.വൈ-ലൈഫ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ.

## 9. അപേക്ഷ സമർപ്പിക്കേണ്ട രീതി

1. അപേക്ഷ നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. നിയമനം സംബന്ധിച്ച നടപടികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി) മുഖാന്തരമാണ് നടപ്പിലാക്കുന്നത്.
3. അപേക്ഷാർത്ഥികൾ 2000 രൂപ പരീക്ഷാഫീസായി അടയ്ക്കേണ്ടതാണ്.

## 10. നിയമനപ്രക്രിയ

1. സമർപ്പിക്കപ്പെട്ട ബയോഡേറ്റകളും, പ്രവൃത്തിപരിചയവും വിശദമായി പരിശോധിച്ച്, സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം സി.എം.ഡി.ക്കുണ്ടായിരിക്കും.
2. ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സ്ക്രീനിംഗ് നടത്തി യോഗ്യതയും, പ്രവൃത്തിപരിചയവും പരിഗണിച്ച് യോഗ്യരായവരെ അഭിമുഖത്തിനു വിളിച്ച്, അവരിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കും. ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ എഴുത്തു പരീക്ഷയും, ഇന്റർവ്യൂവുമോ അല്ലെങ്കിൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റും ഇന്റർവ്യൂവുമോ ഏതാണോ അനുയോജ്യമായത് ആ രീതിയിൽ നിയമന പ്രക്രിയ നടത്തുന്നതിന് സി.എം.ഡി.ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
3. അപേക്ഷക(ൻ) പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**11. അപേക്ഷകൾ https://kcmd.in/ എന്ന വെബ്സൈറ്റിലൂടെ Online –ആയി സമർപ്പിക്കേണ്ടതാണ്.**

12. **അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** : 27/02/2023, വൈകുന്നേരം 5 മണി

13. **മറ്റു നിബന്ധനകൾ**

1. അപേക്ഷകൾ കുടുംബശ്രീ ജില്ലാ മിഷനുകളിലോ, സംസ്ഥാന മിഷനിലോ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. കൂടാതെ, Online- അല്ലാതെ ലഭിക്കുന്ന അപേക്ഷകളും, സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകളും, അംഗീകരിച്ച യോഗ്യതകൾ ഇല്ലാത്ത അപേക്ഷകളും പരി ഗണിക്കുന്നതല്ല.
2. പരീക്ഷാ ഫീസ് അപേക്ഷയോടൊപ്പം Online- ആയി അടയ്ക്കാവുന്നതാണ്.
3. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന ഉദ്യോഗാർഥി യഥാ സമയം ജോലിയിൽ പ്രവേശിക്കാത്ത പക്ഷം, ടി നിയമനം റദ്ദാകുന്നതും, ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.
4. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരിച്ച തീയതി മുതൽ 1 വർഷമായിരിക്കും.
5. പ്രസ്തുത തസ്തികയിലേയ്ക്ക് ആവശ്യപ്പെട്ട പ്രവൃത്തിപരിചയം നിയമനം ലഭിക്കുന്നതിനുള്ള നിബന്ധന മാത്രമാണ്. ടി തസ്തികയിൽ നിയമനം ലഭിച്ചാൽ മുൻ പ്രവൃത്തിപരിചയം ടി തസ്തികയുടെ വേതന വർദ്ധനവിനോ മറ്റ് ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ
(കുടുംബശ്രീ)

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ